"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല — പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് - 2007-08 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.5 - തടസ്സപ്പെടുത്തിയ തുകക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ ( എ ബി ) വകുപ്പ്**

G.O.(Rt)No.2088/2025/LSGD തീയതി,തിരുവനന്തപുരം, 23-08-2025

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 08.10.2018 ലെ പി എ എൻ/22961/2018- എം3 ( ഡി പി ) നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.04.2019 ലെ ഡി.കെ.എസ്.എ 391/2019/പി.റ്റി3 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 75,000/- രൂപ 2007-08 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഗ്രാമപഞ്ചായത്തിലെ, പാവപ്പെട്ട ബുദ്ധിവൈകല്യം സംഭവിച്ച കുട്ടികൾകളുടെ പഠനത്തിന് ഒരു സഹായം എന്ന നിലയിലും ഈ വിഭാഗത്തിൽപെട്ടവർക്ക് ചെയ്തുകൊടുക്കാവുന്ന ഒരു വലിയ സേവനം എന്ന നിലയിലുമാണ്, ജില്ലാ വിഹിതങ്ങൾ ലഭ്യമായില്ലെങ്കിലും ഈ പ്രോജക്ട് നടപ്പിലാക്കിയതെന്നും മാത്രമല്ല ഈ ചെലവ്മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നിട്ടില്ലായെന്നും മേൽ പ്രസ്താവിച്ച കാര്യങ്ങൾ കണക്കിലെടുത്തു കൊണ്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ജില്ലാതല മോണിറ്ററിംഗ് സമിതിയും ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ടി ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ )ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. പരാമർശ ചെലവിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട ബുദ്ധിവൈകല്യം സംഭവിച്ച കുട്ടികൾക്ക് പഠനത്തിന് ഒരു സഹായം എന്ന നിലയ്ക്കാണ് പദ്ധതി നടപ്പിലാക്കിയതെന്നും ആയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഭരണസമിതിയുടെ 19.04.2018ലെ 7(4)-ാം നമ്പർ തീരുമാനം, ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 16.05.2018ലെ II(8)-ാം നമ്പർ തീരുമാനം

എന്നിവ പരിഗണിച്ചും ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ), ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശയുടെ അടിസ്ഥാനത്തിലും എന്നാൽ ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതെ പ്രോജക്ട് നടപ്പിലാക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയോടും കൂടെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ **2007-08** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3.5** പ്രകാരം തടസ്സപ്പെടുത്തിയ **75,000/- ( എഴുപത്തി അയ്യായിരം രൂപ മാത്രം )** രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/89/2018-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 23-08-2025 15:55:57

സെക്ഷൻ ഓഫീസർ